## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5923 | 7.7.2014-ൽ മറുപടിക്ക്

**ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ആർ. സെൽവരാജ്<br>,, പാലോട് രവി<br>,, എം.പി. വിൻസെന്റ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളുടെ വികസനത്തിനായി ജനപങ്കാളിത്തത്തോടുകൂടിയുള്ള പദ്ധതികൾ ആവശ്യാധിഷ്ഠിതമായും സാമൂഹ്യ പരിഷ്കരണങ്ങളോടു കൂടിയും ഏറ്റവും വേഗത്തിൽ നടപ്പാക്കുക എന്നതാണ് ജെ.എൻ.എൻ.യു.ആർ.എം ലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) നഗരവികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്: വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) പ്രസ്തുത പദ്ധതിയിൽ താഴെപ്പറയുന്ന സേവനമേഖലകൾ ഉൾപ്പെടുത്തിയിരിക്കുന്നു.<br>1. ശുദ്ധജല വിതരണം<br>2. മലിനജലനിവാരണവും നിർമ്മാർജ്ജനവും<br>3. ഖരമാലിന്യ സംസ്കരണം.<br>4. അഴുക്കുചാൽ നിർമ്മാണവും വെള്ളപ്പൊക്ക നിവാരണവും<br>5. നഗരഗതാഗതപരിഷ്കരണം<br>6. ബസു വാങ്ങൽ<br>7. പാർക്കിംഗ് സ്ഥലങ്ങൾ<br>8. പൈതൃകപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വികസനം.<br>9. ചേരി നിവാരണം<br>10. ഇ-ഗവേർണൻസ് |
| (സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്കായി ലഭിക്കുന്നത് ; വിശദമാക്കുമോ ; | (സി) JNNURM മുഖേന നടപ്പിലാക്കുന്ന തിരുവനന്തപുരം നഗരത്തിലെ പദ്ധതിയുടെ 80 ശതമാനം കേന്ദ്ര സഹായവും ബാക്കി 10 ശതമാനം വീതം കേരള സർക്കാരും നഗരസഭയു മാണ് വഹിക്കേണ്ടത്. കൊച്ചിയിൽ ഇത് യഥാക്രമം 50% (കേന്ദ്രവിഹിതം) 30% (സംസ്ഥാന വിഹിതം), 20% (നഗരസഭ വിഹിതം) എന്ന രീതിയിലാണ്. |
| (ഡി) ഇതിന് കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മന്ത്രിതലത്തിലും, കൂടാതെ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, തുടങ്ങി വകുപ്പ്തലത്തിലും, നോഡൽ ഏജൻസി തലത്തിലും അവലോകന യോഗങ്ങൾ വിളിച്ചു ചേർക്കുകയും, വിലയിരുത്തലുകളും, പദ്ധതികൾ സമയ ബന്ധിതമായി തീർക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ